(സി) നിയമനങ്ങൾ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ചട്ടപ്രകാരമാണ് നടപ്പിലാക്കുന്നത്. നിലവിൽ സി.എസ്.ഐ.ആർ. മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ഉറപ്പുവരുത്താൻ തീരുമാനങ്ങളൊന്നും തന്നെയില്ല. നിലവിൽ ഡയറക്ടർമാരായി ഇരിക്കുന്നവരുടെ യോഗ്യതകൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി&ഇ) ഉണ്ട്. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ആന്റ് ഡവലപ്പ്മെന്റ് മാനേജ്മെന്റ് കോഴിക്കോട് കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ ഒഴിവുണ്ട്. സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ആന്റ് ഡവലപ്പ്മെന്റ് മാനേജ്മെന്റ് ഡയറക്ടറെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് എന്നിവിടങ്ങളിൽ ഡയറക്ടർ തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ എടുക്കുന്നതുമാണ്.

സെസ്സ് ഏറ്റെടുക്കാൻ നടപടി

40 (3671) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെസ്സ് ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) സെസ്സ് ഏറ്റെടുക്കാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതുമൂലം സെസ്സിന്റെ വികസന പ്രവർത്തനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രസ്തുത സ്ഥാപനത്തിന്റെ വികസന പ്രവർത്തനത്തിന് എത്ര തുകയാണ് ചെലവഴിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2014 ജനുവരി ഒന്നാം തീയതി കേന്ദ്ര സർക്കാർ സെസ്സിനെ (സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്) ഔദ്യോഗികമായി ഏറ്റെടുത്തു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഭൗമ ശാസ്ത്ര മന്ത്രാലയം സെക്രട്ടറിയും സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പ് എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറിയും തമ്മിൽ ഇതിനുള്ള ധാരണാ പത്രത്തിൽ 1-1-2014-ൽ ഒപ്പുവച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സെസ്സിന്റെ ഗവേഷണ പ്രവർത്തനങ്ങളും നേട്ടങ്ങളും ദേശീയ അന്തർദേശീയ തലത്തിൽ വർദ്ധിക്കുന്നതിനും കേന്ദ്രസർക്കാരിന്റെ കീഴിലുള്ള വിവിധ ശാസ്ത്ര സ്ഥാപനങ്ങളുമായി സംയോജിച്ച് പ്രവർത്തിക്കുന്നതിനും അവസരങ്ങൾ ലഭിക്കാൻ ഈ ഏറ്റെടുക്കൽ പ്രയോജനകരമാകും. ഇപ്പോൾ നിലവിലുള്ളതിനു പുറമെ വിവിധതരം അത്യന്താധുനിക ശാസ്ത്ര ഗവേഷണ ഉപകരണങ്ങളുടെയും ഭൗമ ശാസ്ത്രത്തിൽ അറിവ് നേടിയിട്ടുള്ള കൂടുതൽ ഗവേഷകരുടെയും മറ്റ് വിദഗ്ദരുടെയും സഹായത്തോടുകൂടി ഭൗമ ഗവേഷണത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ ചെയ്യാമെന്ന് കരുതുന്നു.

(ഡി) 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് സെസ്സിന്റെ വികസന പ്രവർത്തനത്തിന് 128.67 കോടി രൂപയാണ് കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുള്ളത്. ആയതിൽ 80.35 കോടി രൂപ ഗവേഷണ പ്രവർത്തനങ്ങൾക്കും ലബോറട്ടറി നവീകരണത്തിനുമാണ് നീക്കിവച്ചിരിക്കുന്നത്. ബാക്കി തുക ജീവനക്കാരുടെ ശമ്പളത്തിനും സ്ഥാപനത്തിന്റെ മറ്റ് ആവശ്യങ്ങൾക്കുമാണ് വകയിരുത്തിയിരിക്കുന്നത്.

പാലോട് JNTBGRI-യുടെ സാമ്പത്തിക ബാദ്ധ്യതകളും പ്രതിസന്ധിയും പരിഹരിക്കാൻ നടപടി

41 (3672) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലോട് JNTBGRI-യുടെ പ്രവർത്തനങ്ങളും അന്തർദേശീയ പ്രസക്തിയും വിശദമാക്കുമോ ; ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു ; തസ്തികകളുടെ എണ്ണം, ഏതെല്ലാം തസ്തികകൾ, ജീവനക്കാരുടെ പ്രതിമാസ വേതനം എന്നിവ സംബന്ധിച്ച കണക്ക് അറിയിക്കുമോ ;

(ബി) JNTBGRI-യിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ പട്ടികയും അവരുടെ തസ്തികയും വേതനവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ ;

(സി) ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും ശരാശരി എത്ര രൂപയാണ് ചെലവഴിക്കുന്നത് ; സംസ്ഥാന ഗവൺമെന്റും കേന്ദ്ര സർക്കാരും ഓരോ വർഷവും എത്ര രൂപ വീതമാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly